# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

ഒക്ടോബർ: 12, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

### ജി.എസ്.ടി. റിട്ടേൺ തിരുത്താൻ ഒക്ടോബർ 31 വരെ അവസരം.

തിരുവനന്തപുരം: 2017–18 സാമ്പത്തിക വർഷം സമർപ്പിച്ച ജി.എസ്.ടി റിട്ടേണുകളിലെ പിഴവുകൾ തിരുത്താൻ വ്യാപാരികൾക്ക് ഒക്ടോബർ 31 വരെ അവസരം. 2017–18 ലെ വാർഷിക റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്ത വ്യാപാരികൾക്കാണ് ഈ അവസരം ഉപയോഗപ്പെടുത്താൻ കഴിയുന്നത്.

ജി.എസ്.ടി. നിയമപ്രകാരം സമർപ്പിച്ച റിട്ടേണിൽ പിഴവുകൾ സംഭവിച്ചാൽ, വാർഷിക റിട്ടേൺ അല്ലെങ്കിൽ സെപ്തംബർ മാസത്തെ റിട്ടേൺ ഏതാണോ ആദ്യം സമർപ്പിക്കുന്നത് അതിലാണ് തിരുത്തലുകൾ രേഖപ്പെടുത്തേണ്ടത്. അതിനാൽ റിട്ടേണിൽ തിരുത്തലുകൾ ആവശ്യമുള്ള വ്യാപാരികൾ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.